# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 22

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്ന്, മൂന്ന്, നാല് സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾ ഏപ്രിൽ 10ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 25 വരെയും 500 രൂപ പിഴയോടെ 26 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതം സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/565/2019)

**പ്രാക്ടിക്കൽ**

ആറാം സെമസ്റ്റർ ബി.എസ്‌സി. സുവോളജി (മോഡൽ I, II, III സി.ബി.സി.എസ്.എസ്. - റഗുലർ/റീഅപ്പിയറൻസ്/സപ്ലിമെന്ററി) മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ ഒന്നു മുതൽ എട്ടുവരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/566/2019)

മൂന്നാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (പുതിയ സ്കീം റഗുലർ 2017 അഡ്മിഷൻ) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 26നും മൂന്നാം സെമസ്റ്റർ ബി.എസ്‌സി. മാത്തമാറ്റിക്സ് വൊക്കേഷൽ മോഡൽ-II മാർച്ച് 2009 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 25നും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/567/2019)

**വൈവാവോസി**

ആറാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഇംഗ്ലീഷ് ഡബിൾ മെയിൻ മാർച്ച് 2019 പരീക്ഷയുടെ പ്രൊജക്ട് ആന്റ് വൈവ ഏപ്രിൽ നാലു മുതൽ അഞ്ചുവരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/568/2019)

**ഉത്തരക്കടലാസുകൾ തിരികെ ഏൽപ്പിക്കണം**

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിരുദ പരീക്ഷകളുടെ മൂല്യനിർണയ ചുമതലയുള്ള ചീഫ് എക്സാമിനർമാർ മാർച്ച് 23നകം മൂല്യനിർണയം പൂർത്തിയാക്കി ഉത്തരക്കടലാസ് നിർബന്ധമായും ക്യാമ്പുകളിൽ തിരികെ ഏൽപ്പിക്കണം. മൂന്നാം സെമസ്റ്റർ പി.ജി. സി.എസ്.എസ്. പരീക്ഷകളുടെ ചീഫ് എക്സാമിനർമാർ മൂല്യനിർണയം പൂർത്തിയാക്കിയ ഉത്തരക്കടലാസുകൾ മാർച്ച് 25നകം ക്യാമ്പുകളിൽ തിരികെ ഏൽപ്പിക്കണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ./39/569/2019)

**ദളിത് ഫെമിനിസ്റ്റ് കാഴ്ചപ്പാട് നടപ്പാക്കൽ**
**പ്രധാന വെല്ലുവിളി: പ്രൊഫ. ഉമ ചക്രബർത്തി**

തുല്യാവകാശങ്ങളുള്ള സമൂഹം നിർമ്മിക്കുന്നതിനും പുരുഷാധിപത്യം അവസാനിപ്പിക്കുന്നതിനും ഒരുമിച്ചു പ്രവർത്തിക്കാൻ കഴിയുന്ന നിലയിൽ പ്രവൃത്തികളിൽ ദളിത് ഫെമിനിസ്റ്റ് കാഴ്ചപ്പാട് എങ്ങനെ നടപ്പാക്കുമെന്നതാണ് ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് ഫെമിനിസ്റ്റ് ചരിത്ര പണ്ഡിത പ്രൊഫ. ഉമ ചക്രബർത്തി പറഞ്ഞു. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് 'ഹിസ്റ്ററീസ് ഓഫ് ജെൻഡർ; ട്രാൻസ് ഡിസിപ്ലിനറി അപ്രോച്ചസ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര കോൺഫറൻസ് എം.ജി. സർവകലാശാലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഭിന്നലിംഗക്കാർ സമൂഹത്തിൽ വിവേചനവും അസമത്വവും നേരിടുന്നതായി കവി കൂടിയായ വിജയരാജമല്ലിക പറഞ്ഞു. ഉദ്ഘാടനസമ്മേളനത്തിൽ ഡയറക്ടർ പ്രൊഫ. എ.എം. തോമസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ.എം. കൃഷ്ണൻ, ഡോ. കെ.

ജയചന്ദ്രൻ, കോൺഫറൻസ് കോ-ഓർഡിനേറ്റർ ഡോ. എം.വി. ബിജുലാൽ, പ്രൊഫ. ഉപ്പൂട്ട് ഷെറിൻ, രാജീവ് കുമാരൻ കണ്ടത്ത്, അഡ്വ. അനില ജോർജ്, ഇ.പി. അനിൽ, എലിസബത്ത് എബ്രഹാം, കെ. അമ്മിണി വയനാട് എന്നിവർ സംസാരിച്ചു. സെമിനാർ ഇന്ന് (മാർച്ച് 23) സമാപിക്കും.

## <u>ഫോട്ടോ ക്യാപ്ഷൻ</u>

**സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് 'ഹിസ്റ്ററീസ് ഓഫ് ജെൻഡർ; ട്രാൻസ് ഡിസിപ്ലിനറി അപ്രോച്ചസ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര കോൺഫറൻസിൽ ട്രാൻസ്ജെൻഡർ കവി വിജയരാജ മല്ലിക സംസാരിക്കുന്നു. ഡോ. എം.വി. ബിജുലാൽ സമീപം**

(പി.ആർ.ഒ./39/570/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ